(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം ഉണ്ടെന്നും ഇവ ഏതെല്ലാം ജില്ലകളിലെ ഉറമുഖങ്ങളിലാണുള്ളതെന്നും വിശദമാക്കുമോ ;

(സി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള രക്ഷാബോട്ടുകളിൽ അപകടത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനുള്ള എന്തെല്ലാം സജ്ജീകരണങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഈ രക്ഷാ ബോട്ടുകളിൽ പരിശീലനം ലഭിച്ച ജീവനക്കാരുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഓരോ ബോട്ടിലും എത്രപേർ വീതമുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ രക്ഷിക്കുന്നതിനായി പ്രവർത്തനക്ഷമമായ ഒരു ബോട്ട് ഉണ്ട്.

(ബി) പ്രവർത്തനക്ഷമമായ ഈ ബോട്ട് കൊല്ലം ജില്ലയിലെ നീണ്ടകര കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്ത് കടൽ പട്രോളിംഗും കടൽ രക്ഷാപ്രവർത്തനവും നടത്തിവരുന്നുണ്ട്.

(സി) രക്ഷാ ബോട്ടിൽ ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ്, ഹീലിയോ ഗ്രാഫ്, പ്ലാസ്റ്റിക് റോപ്പ്, റേഡിയോ ബീക്കൺ മുതലായവ ഉണ്ടായിരിക്കും.

(ഡി) ഉണ്ട്.

(ഇ) ഓരോ ബോട്ടിലും 2 കടൽ സുരക്ഷാ സേനാംഗങ്ങളും മറൈൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും ഫിഷറീസ് വകുപ്പിലെ ജീവനക്കാരും ഉണ്ട്.

മത്സ്യഫെഡിലെ തസ്തികകൾ

145 (2964) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിൽ അംഗീകൃത തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ എത്രപേർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യഫെഡിൽ എത്ര ജൂനിയർ അസിസ്റ്റന്റ് തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യഫെഡിൽ അംഗീകൃത തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ 9 താൽക്കാലിക ജീവനക്കാർ ജോലി നോക്കിവരുന്നു.

(ബി) ജൂനിയർ അസിസ്റ്റന്റിന്റെ 47 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

മത്സ്യഗ്രാമ വികസന പദ്ധതി

146 (2965) ശ്രീ. വർക്കല കഹാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി വികസന പരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 2012-13 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 23.88 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ടി പദ്ധതി നിർവ്വഹണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly